**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ - 474**

**29/06/2015 ൽ മറുപടിയ്ക്ക്**

## ഖാദി ഉല്പന്നങ്ങളുടെ ഉല്പാദന-വിപണന മേഖലയുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ചിറ്റയംഗോപകുമാർ** | **ശ്രീ.സി.എൻ.ബാലകൃഷ്ണൻ (ബഹു.സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)** |
| (എ) ഖാദി ഉല്പന്നങ്ങളുടെ ഉല്പാദന-വിപണന മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | (എ) ഖാദി ഉല്പന്നങ്ങളുടെ ഉല്പാദന ശാക്തീകരണത്തിനായി ശ്രീ.പി.ഗോപിനാഥൻനായർ അദ്ധ്യക്ഷനായ സമിതി ശുപാർശ പ്രകാരം ഖാദി മേഖലയിൽ ആധുനിക വൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഖാദി മേഖലയിലെ വിപണനം മെച്ചപ്പെടുത്തുന്നതിനായി പ്രധാന നഗരങ്ങളിലെ വില്പന കേന്ദ്രങ്ങളെല്ലാം നവീകരിച്ച് ആകർഷകമാക്കിയിട്ടുണ്ട്. ഓൺലൈൻ വഴി വ്യാപാരം തുടങ്ങുന്നതിലേയ്ക്കായി ബോർഡിന്റെ വിപണന വിഭാഗം സോഫ്റ്റ് വെയർ ഏർപ്പെടുത്തി നടപടികൾ ആരംഭിച്ചു. ഉല്പന്ന ഗുണനിലവാര മേൽനോട്ടം ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നിലവിൽ ഖാദി ഉല്പന്നങ്ങളുടെ വിപണനത്തിനായി എത്ര സർക്കാർ ഔട്ട് ലെറ്റുകൾ പ്രവർത്തിച്ചു വരുന്നു എന്ന് ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ ; | (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഈ ഔട്ട് ലെറ്റുകളിലെ ജീവനക്കാരുടെ എണ്ണം (സ്ഥിരം/താല്ക്കാലികം) തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (സി) |

| | |
|---|---|
| (ഡി) സർക്കാരിന്റെ ആഭ്യന്തര ഖാദി വിപണന മേഖല നിലവിൽ ലാഭകരമായാണോ പ്രവർത്തിച്ചു വരുന്നത് എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ ? | (ഡി) ഖാദി വിപണന മേഖല ലാഭ – നഷ്ടരഹിത വ്യവസ്ഥയിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി പൂർണ്ണമായും നഷ്ടത്തിൽ പ്രവർത്തിക്കുന്ന വില്പനശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

30/…

സെക്ഷൻ ഓഫീസർ

അനുബന്ധം

**ബി.** ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിയ്ക്കുന്ന ഖാദി ഔട്ട് ലെറ്റുകൾ ഖാദി ഗ്രാമ സൗഭാഗ്യകൾ എന്നും, ബോർഡ് ഏജൻസി നൽകി പ്രവർത്തിയ്ക്കുന്നവ ഖാദി സൗഭാഗ്യകൾ എന്നുമാണ് അറിയപ്പെടുന്നത്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം താഴെ സമർപ്പിയ്ക്കുന്നു.

| ജില്ല | ഖാദി ഗ്രാമ സൗഭാഗ്യ | ഖാദി സൗഭാഗ്യ |
|---|---|---|
| തിരുവനന്തപുരം | 7 | 1 |
| കൊല്ലം | 3 | 0 |
| പത്തനംതിട്ട | 4 | 0 |
| ആലപ്പുഴ | 1 | 5 |
| കോട്ടയം | 5 | 0 |
| ഇടുക്കി | 3 | 0 |
| എറണാകുളം | 3 | 3 |
| തൃശ്ശൂർ | 2 | 1 |
| പാലക്കാട് | 4 | 1 |
| മലപ്പുറം | 1 | 4 |
| കോഴിക്കോട് | 4 | 4 |
| വയനാട് | 1 | 0 |
| കണ്ണൂർ | 2 | 30 |
| കാസർഗോഡ് | 1 | 2 |
| ആകെ | 41 | 51 |

**സി.** ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഖാദി ഗ്രാമ സൗഭാഗ്യകളിലെ ജീവനക്കാരുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ സമർപ്പിയ്ക്കുന്നു.

| ജില്ല | സ്ഥിരം | താത്ക്കാലികം |
|---|---|---|
| തിരുവനന്തപുരം | 8 | 11 |
| കൊല്ലം | 5 | 8 |
| പത്തനംതിട്ട | 4 | 4 |
| ആലപ്പുഴ | 1 | 2 |
| കോട്ടയം | 5 | 8 |
| ഇടുക്കി | 3 | 3 |
| എറണാകുളം | 3 | 13 |
| തൃശ്ശൂർ | 2 | 2 |
| പാലക്കാട് | 3 | 6 |

| | | |
|---|---|---|
| മലപ്പുറം | 1 | 1 |
| കോഴിക്കോട് | 5 | 6 |
| വയനാട് | 1 | 2 |
| കണ്ണൂർ | 2 | 3 |
| കാസർഗോഡ് | 1 | 1 |
| ആകെ | 44 | 70 |

സെക്ഷൻ ഓഫീസർ